പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4212 — 03-02-2014-ൽ മറുപടിക്ക്

## റാന്നി നിയോജകമണ്ഡലത്തിലെ കുടിവെള്ളപദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. രാജു എബ്രഹാം | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |

(എ) റാന്നി നിയോജകമണ്ഡലത്തിൽ നിർമ്മാണം ആരംഭിച്ചിട്ടുള്ളതും ഇനിയും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതുമായ കുടിവെള്ള പദ്ധതികൾ ഏതൊക്കെയെന്ന് ഓരോ പദ്ധതിയുടെയും പേരും വിശദാംശങ്ങളും സഹിതം വ്യക്തമാക്കാമോ;

(എ) റാന്നി നിയോജകമണ്ഡലത്തിൽ നിർമ്മാണം ആരംഭിച്ചിട്ടുള്ള കുടിവെള്ള പദ്ധതികളുടെ പേരും വിശദാംശങ്ങളും താഴെക്കൊടുക്കുന്നു.

1) റാന്നി-പഴവങ്ങാടി-വടശ്ശേരിക്കര ഒന്നാം ഘട്ടം

1-ാം ഘട്ടം 90% പണി പൂർത്തിയായി. 5 ബൂസ്റ്റർ പമ്പ് ഹൗസിൽ പമ്പുകൾ സ്ഥാപിക്കുന്നതും വൈദ്യുതി കണക്ഷൻ ലഭ്യമാക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2) റാന്നി-പഴവങ്ങാടി-വടശ്ശേരിക്കര - രണ്ടാം ഘട്ടം

പ്രസ്തുത പദ്ധതിയുടെ പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. പുനലൂർ മൂവാറ്റുപുഴ റോഡിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന്നും അനുമതി ലഭിക്കേണ്ടതുണ്ട്.

3) പെരിനാട്-അത്തിക്കയം പദ്ധതി - ഒന്നാം ഘട്ടം

പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം 3.12.2013-ൽ ആരംഭിച്ചു.

4) എഴിമറ്റൂർ പദ്ധതി ഒന്നാം ഘട്ടം
പമ്പിംഗ് ലൈനിന്റെ പണി ആരംഭിച്ചു. പൊതുമരാമത്ത് റോഡിൽ പൈപ്പ് സ്ഥാപിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ഇനിയും നിർമ്മാണം ആരംഭിക്കേണ്ട പദ്ധതികൾ

1) അയിരൂർ-കാഞ്ഞീറ്റുകര പദ്ധതി ഒന്നാം ഘട്ടം
ശുദ്ധീകരണശാലയുടെ ടെണ്ടർ വിളിച്ചു. നടപടികൾ പൂർത്തിയാക്കിവരുന്നു.

2) കൊല്ലമുള പദ്ധതി ഒന്നാം ഘട്ടം.
എരുമേലി ശുദ്ധീകരണശാലയിൽ നിന്നും വെൺകുറിഞ്ഞി വരെയുള്ള പമ്പിംഗ് ലൈനിന്റെ എസ്റ്റിമേറ്റ് തയ്യാറായി. മറ്റ് ഘടകങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ബി) പുതുതായി അംഗീകാരം ലഭിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്; ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇവയുടെ നിർമ്മാണത്തിൽ താമസം നേരിടുന്നത് എന്തുകൊണ്ട്;

(ബി) 2013-ൽ അംഗീകാരം ലഭിച്ചിട്ടുള്ള പദ്ധതികൾ താഴെക്കൊടുക്കുന്നു.

1) അയിരൂർ-കാഞ്ഞിറ്റുകര പദ്ധതി ഒന്നാം ഘട്ടം.
പ്രസ്തുത പദ്ധതിയുടെ കിണർ, 5MLD ശുദ്ധീകരണശാല, ശുദ്ധീകരണശാലയിൽ നിന്നുള്ള പമ്പിംഗ് ലൈൻ, കാഞ്ഞീറ്റുകര, തേക്കുങ്കൽ എന്നീ ജലസംഭരണികളിലേക്കുള്ള പൈപ്പ് ലൈനുകൾ എന്നിവയാണ് ഉൾ പ്പെടുത്തിയിട്ടുള്ളത്. ജലശുദ്ധീകരണശാലയുടെ ടെൻഡർ ലഭിച്ചു. അനുമതി ലഭിച്ചാൽ ഉടൻ പണി തുടങ്ങും.

2) കൊല്ലമുള പദ്ധതി ഒന്നാം ഘട്ടം
എരുമേലി ശുദ്ധീകരണശാലയിൽ നിന്നും പെൺകുറിഞ്ഞി വരെയുള്ള പൈപ്പ്ലൈൻ, പെൺകുറിഞ്ഞിയിലെ ജലസംഭരണി പമ്പ് ഹൗസ്, പെൺകുറിഞ്ഞിയിൽ നിന്നും ഓലിക്കൽ പാമ്പിരിക്കാംപാറ എന്നിവിടങ്ങളിലേക്കും, ഓലിക്കൽ നിന്നും തലമുടിയാനിക്കലേക്കുള്ള പമ്പിംഗ് ലൈനുകൾ, ഓലിക്കൽ ജലസംഭരണി പമ്പ് ഹൗസ് എന്നിവയാണ് ഒന്നാം ഘട്ടത്തിൽ ഉൾ പ്പെടുത്തിയിട്ടുള്ളത്. ടെൻഡർ നടപടികൾ പൂർത്തിയായാൽ ഉടൻ പണികൾ തുടങ്ങും.

(സി) പുതുതായി അംഗീകാരം ലഭിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

(സി) പുതുതായി അംഗീകാരം ലഭിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ താഴെക്കൊടുക്കുന്നു.

1) റാന്നി -അങ്ങാടി-കൊറ്റനാട് വില്ലേജുകൾക്കുവേണ്ടിയുള്ള പദ്ധതി ഒന്നാം ഘട്ടം

കിണർ, ശുദ്ധീകരണശാല, പമ്പിംഗ് ലൈനുകൾ എന്നിവ ഒന്നാം ഘട്ടത്തിൽ ഉൾ പ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2) പെരുനാട്-അത്തിക്കയം പദ്ധതി രണ്ടാം ഘട്ടം

വിതരണശൃംഖല നിലവിലുള്ള ജലസംഭരണികളിലേക്കുള്ള ഗ്രാവിറ്റി ലൈനുകൾ എന്നിവ 2-ാം ഘട്ടത്തിൽ ഉൾ പ്പെടുത്താൻ ഉദ്ദേശിക്കുന്നു.

3) എഴുമറ്റൂർ പദ്ധതി രണ്ടാം ഘട്ടം

ഈ പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

വിതരണശൃംഖല, പുറമല ജലംസംഭരണി എന്നിവ ഇതിൽ ഉൾ പ്പെടുന്നു.

സെക്ഷൻ ഓഫീസർ